**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T 610 09.02.2016 ൽ മറുപടിയ്ക്ക്**

**ഇ-ഓഫീസ്**

| ചോദ്യം<br>ശ്രീ.കെ. ദാസൻ | | മറുപടി<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>( വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി ) | |
|---|---|---|---|
| (എ) | സെക്രട്ടറിയേറ്റ് മുതൽ വില്ലേജ് ഓഫീസുവരെ എല്ലാ വകുപ്പുകളും ഇ-ഓഫീസ് പ്രവർത്തന രീതിയിലേക്ക് മാറ്റാൻ കഴിയാത്തത് എന്തു കൊണ്ടാണ്; | (എ) | ഇ-ഓഫീസ് ഘട്ടം ഘട്ടമായാണ് നടപ്പിലാക്കുന്നത്. സെക്രട്ടേറിയറ്റിലും എല്ലാ സർക്കാർ വകുപ്പുകളിലും ഇ-ഓഫീസ് നടപ്പാക്കുവാനാണ് പദ്ധതിയിട്ടിരിക്കുന്നത്. സെക്രട്ടേറിയറ്റിൽ നിലവിൽ 33 വകുപ്പുകളിലും 4 ഡയറക്ടറേറ്റുകളിലും കണ്ണൂർ കളക്ടറേറ്റിലും ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ള വകുപ്പുകളിൽ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ നടന്നുവരുന്നു. സംസ്ഥാനത്തെ ലാന്റ് റവന്യൂ കമ്മീഷണറേറ്റിലും എല്ലാ കളക്ടറേറ്റുകളിലും, സബ് കളക്ടറേറ്റുകളിലും താലൂക്ക് ഓഫീസുകളിലും ഇ ഓഫീസ് നടപ്പാക്കുന്നതിന് 20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മറ്റു പതിനഞ്ചോളം ഡയറക്ടറേറ്റുകളിലും ഇ-ഓഫീസ് സമ്പ്രദായം നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നെറ്റ് കണക്ടിവിറ്റി, കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ , ഉദ്യോഗസ്ഥൻമാരുടെ ഇ ഓഫീസ് അക്കൗണ്ട് രൂപീകരണം. ഇ ഓഫീസ് പരിശീലനം എന്നീ അടിസ്ഥാന ജോലികൾ പൂർത്തിയായാൽ മാത്രമേ ഇ ഓഫീസ് ആരംഭിക്കാൻ കഴിയുകയുള്ളൂ. |
| (ബി) | എല്ലാ സർക്കാർ ഓഫീസുകളും ഇ-ഓഫീസ് പ്രവർത്തന രീതിയിലേക്ക് കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്; ഇതിനായി വേണ്ടി വരുന്ന തുക | (ബി) | സർക്കാർ വകുപ്പുകളിൽ ഇ-ഓഫീസ് സംവിധാനം ആരംഭിക്കുന്നതിന് മുന്നോടിയായി കമ്പ്യൂട്ടറുകൾ, ഹൈസ്പീഡ് സ്കാനറുകൾ, ഇന്റർനെറ്റ് കണക്ടിവിറ്റി എന്നിവ ഉൾപ്പെടെയുള്ള അടിസ്ഥാന |

| | | | |
|---|---|---|---|
| | എത്രയാണ് ; തന്നാണ്ടിലെ ബഡ്ജറ്റിൽ ഇതിനായി വകയിരുത്തിയ തുക എത്ര; ഇതിനകം പിൻവലിച്ച തുക എത്ര ; | | സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. കൂടാതെ ജീവനക്കാരുടെ വിശദാംശങ്ങൾ ശേഖരിച്ച് അവർക്ക് ഇ-മെയിൽ, ഇ-ഓഫീസ്, അക്കൗണ്ട് എന്നിവ നൽകേണ്ടതുണ്ട്.ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കുന്നതിനായി 625 ലക്ഷം രൂപയാണ് നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിട്ടുള്ളത്. കൂടാതെ റവന്യൂ വകുപ്പിൽ പദ്ധതി നടപ്പിലാക്കുന്നതിലേക്ക് 600 ലക്ഷം രൂപ ഉപധനാഭ്യർത്ഥനയിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലേക്കായി നടപ്പ് സാമ്പത്തിക വർഷം 600 ലക്ഷം രൂപ പിൻവലിച്ചു. ലഭ്യമായ കണക്കുകൾ പ്രകാരം 462.84 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | ഇ-ഓഫീസ് പ്രവർത്തന രീതിയിലേക്ക് സമൂലമായി മാറ്റുന്നതിലുണ്ടായ വീഴ്ചകൾ എന്തെല്ലാമാണ്; പ്രസ്തുത ലക്ഷ്യം എന്നത്തേക്ക് പൂർത്തീകരിക്കാൻ സാദ്ധ്യമാകുമെന്ന് വ്യക്തമാക്കുമോ ? | (സി) | കേന്ദ്ര സർക്കാർ പിൻതുടരുന്ന ഓഫീസ് മാന്വൽ അനുസരിച്ച് എൻ.ഐ.സി. വികസിപ്പിച്ചെടുത്ത സോഫ്റ്റ് വെയർ ആയ ഇ-ഓഫീസ് സംസ്ഥാനത്ത് നടപ്പാക്കിയപ്പോൾ ചില പ്രയാസങ്ങൾ തുടക്കത്തിൽ അനുഭവപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാന്വൽ സമ്പ്രദായത്തിൽ നിന്നും ഇലക്ട്രോണിക്സ് സമ്പ്രദായത്തിലേയ്ക്ക് മാറുമ്പോഴുണ്ടാകുന്ന സ്വാഭാവിക ബുദ്ധിമുട്ടുകളാണ് ഇതിൽ കൂടുതലും. ഡാറ്റാ ഡിജിറ്റൈസേഷൻ , ഫയൽ മൈഗ്രേഷൻ , ജീവനക്കാർക്ക് ഇ മെയിൽ, ഇ ഓഫീസ് അക്കൗണ്ട്, ഡിജിറ്റൽ സിഗ്നേചർ എന്നിവ അനുവദിച്ചു നൽകുക കമ്പ്യൂട്ടറുകൾ, ഹൈസ്പീഡ് സ്കാനറുകൾ, ഇന്റർനെറ്റ് കണക്ടിവിറ്റി എന്നിവ ലഭ്യമാക്കുക ജീവനക്കാർക്ക് ഇ ഓഫീസിൽ പരിശീലനം നൽകുക തുടങ്ങിയ അടിസ്ഥാന ജോലികൾ പൂർത്തീകരിച്ചാൽ മാത്രമേ ഇ ഓഫീസ് പൂർണ്ണമായും നടപ്പിലാക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ